റിപ്പോർട്ടിന്റെ വിശദാംശം അറിയിക്കുമോ; ആരാണ് പോസ്റ്റ്മോർട്ടം നടത്തിയത്;

(സി) പോസ്റ്റ്മോർട്ടത്തെ തുടർന്ന് നടന്ന രാസപരിശോധനയുടെ റിപ്പോർട്ട് ലഭിച്ചോ; ഈ റിപ്പോർട്ട് ലഭിക്കുവാൻ കാലതാമസം ഉണ്ടായതെന്തുകൊണ്ടാണ്;

(ഡി) ഈ കേസ്സിൽ പ്രതികളായി എത്ര പേരുണ്ട്; ഏതെങ്കിലും പ്രതിയെ അറസ്റ്റ് ചെയ്തിട്ടുണ്ടോ;

(ഇ) ഈ കേസ്സ് സംബന്ധിച്ച അന്വേഷണത്തിന് വേഗത പോരാ എന്ന് കാണിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; അതിന്മേൽ എന്ത് നടപടി സ്വീകരിച്ചു?

ഉത്തരം

(എ) പൂർത്തിയായിട്ടില്ല.

(ബി) ഈരാറ്റുപേട്ട പ്രൈവറ്റ് ബസ്സ്റ്റാന്റിന് സമീപമുള്ള കൊത്തച്ചിടത്ത് ഇശായുടെ വക മിനി ഐസ് പ്രോഡക്ട് ഫാക്ടറിക്കുള്ളിൽ 18.5.98 രാത്രി 11 മണിക്കും 19.5.98 വെളുപ്പിന് 7 മണിക്കും ഇടയ്ക്കുള്ള സമയത്താണ് പരീക്കുട്ടി മരണപ്പെട്ടത്. പോസ്റ്റ്മോർട്ടം പരിശോധന നടത്തിയ ഡോ. അലക്സ് പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ ഇങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ട്.

"Post-mortem findings are consist with cause of death due to poisioning. Final opinion reserved pending for the report of chemical analysis."

(സി) രാസപരിശോധന റിപ്പോർട്ട് ലഭിച്ചിട്ടില്ല. കെമിക്കൽ എക്സാമിനേഷൻ ലബോറട്ടറിയിൽ വിവിധ കേസ്സുകളിലേക്ക് പരിശോധിക്കേണ്ടതായ വസ്തുക്കളുടെ ബാഹുല്യംകൊണ്ടാണ് റിപ്പോർട്ട് ലഭിക്കാൻ കാലതാമസം ഉണ്ടാകുന്നത്.

(ഡി)&(ഇ) ഉണ്ട്. കേസ്സന്വേഷണ ചുമതല ഈരാറ്റുപേട്ട പോലീസ് സർക്കിൾ ഇൻസ്പെക്ടറെ ഏൽപ്പിച്ചു.

55 (1415) മയക്കുമരുന്നിന്റെ സാമ്പിൾ പരിശോധന

ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മ്യൂസിയം പോലീസ് സ്റ്റേഷനിലെ ക്രൈം 197/89 എന്ന മയക്കുമരുന്നു കേസ്സിലെ മയക്കുമരുന്നിന്റെ സാമ്പിൾ ഫോറൻസിക് ലബോറട്ടറിക്ക് രാസപരിശോധനയ്ക്കും റിപ്പോർട്ടിനുമായി കിട്ടിയതെന്നാണ്;

(ബി) അതു സംബന്ധിച്ച റിപ്പോർട്ട് മ്യൂസിയം പോലീസിനു നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(സി) റിപ്പോർട്ട് നൽകിയിട്ടുണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ കോപ്പി മേശപ്പുറത്ത് വയ്ക്കുമോ?

ഉത്തരം

(എ) 28.6.91-ൽ.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്.

(സി) കേസ്സന്വേഷണത്തിൽ ബാധിക്കുന്ന രേഖയായതിനാൽ പരസ്യപ്പെടുത്താൻ നിർവ്വാഹമില്ല.

56 (1416) മയക്കുമരുന്നു കേസ്സിൽ നടപടി

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മ്യൂസിയം പോലീസ് സ്റ്റേഷനിലെ ക്രൈം 197/89 എന്ന മയക്കുമരുന്നു കേസ്സിൽ ഇതുവരെ ചാർജ്ജ്ഷീറ്റ് കൊടുക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് പറയുമോ;

(ബി) പത്തു വർഷം കഴിഞ്ഞിട്ടും മയക്കുമരുന്ന് കേസ്സിന്റെ ചാർജ്ജ് ഷീറ്റ് കൊടുക്കാത്ത പോലീസ് ഉദ്യോഗസ്ഥരുടെ പേരിൽ എന്തു നടപടി സ്വീകരിച്ചു എന്ന് അറിയിക്കുമോ;

(സി) ഈ കേസ്സിനെ സംബന്ധിച്ച് കോടതിയിൽ നൽകികൊണ്ടിരിക്കുന്ന വിവരമെന്താണ്; ഇത് ശരിയാണോ എന്ന് അന്വേഷിക്കുമോ;

(ഡി) മ്യൂസിയം പോലീസ് സ്റ്റേഷനിലെ പെൻഡിംഗ് കേസ്സ് റിക്കാർഡിൽ നിന്ന് 97/89 എന്ന കേസ്സ് ഒഴിവാക്കിയിട്ടുണ്ടോ;

(ഇ) എങ്കിൽ അതിനുത്തരവാദികളായവരുടെമേൽ അച്ചടക്ക നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രസ്തുത കേസ്സിന്റെ അന്വേഷണം പൂർത്തിയാക്കി ഡ്രാഫ്റ്റ് ചാർജ്ജ് അംഗീകാരത്തിനായി ബന്ധപ്പെട്ട പബ്ലിക് പ്രോസിക്യൂട്ടർ മുമ്പാകെ സമർപ്പിച്ചിട്ടുള്ളതും കൂടുതൽ തെളിവ് ശേഖരിക്കുന്നതിനുവേണ്ടി മടക്കി നൽകിയിട്ടുള്ളതുമാണ്. അന്വേഷണം ത്വരിതഗതിയിൽ നടന്നുവരുന്നു.

(ബി) പരിശോധിച്ചുവരുന്നു.

(സി) കേസ്സ് അന്വേഷണത്തിലാണ് എന്ന വിവരമാണ് കോടതിയിൽ സമർപ്പിച്ചിട്ടുള്ളത്.

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

57 (1417) കാസർഗോഡ് തളംകരയിലെ ഇരട്ടകൊലപാതകം

ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് തളംകരയിലെ ഇരട്ടകൊലപാതകം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(സി) കേസ്സിൽ ആരൊക്കെയാണ് പ്രതികൾ എന്നറിയിക്കുമോ;

(ഡി) ഏതെങ്കിലും പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ;

(ഇ) കേസ്സിന്റെ ഇന്നത്തെ സ്ഥിതി എന്താണെന്ന് അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly